# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3513 — 14/10/2011-ൽ മറുപടിക്ക്

## ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ നിലവിലെ അവസ്ഥ

**ചോദ്യം** — **ഉത്തരം**

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) ന്യൂനപക്ഷ വകുപ്പിന് സ്വതന്ത്ര ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറിയെ നിയമിക്കാത്ത സാഹചര്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ന്യൂനപക്ഷ ക്ഷേമ വകുപ്പ് പൊതുഭരണ വകുപ്പിന്റെ ഭാഗമാണ്. പൊതുഭരണ വകുപ്പിന്റെ ചുമതലയുള്ള സെക്രട്ടറിയാണ് ഈ വകുപ്പിന്റെയും ചുമതല വഹിക്കുന്നത്. |
| (ബി) കേന്ദ്ര സർക്കാർ വിളിച്ചു ചേർക്കുന്ന യോഗങ്ങളിൽ പങ്കെടുക്കുന്നതിനും കേന്ദ്ര ഫണ്ടുകൾ യഥാസമയം ലഭ്യമാക്കുന്നതിനും സമയബന്ധിതമായി അത് ചെലവഴിക്കുന്നതിനും സ്വതന്ത്ര ചുമതലയുള്ള സെക്രട്ടറിയുടെ അഭാവം തടസ്സം സൃഷ്ടിക്കുന്നുണ്ടോയെന്ന് പരിശോധിക്കുമോ; | (ബി) കേന്ദ്ര സർക്കാർ വിളിച്ചു ചേർക്കുന്ന യോഗങ്ങളിൽ ബന്ധപ്പെട്ടവർ പങ്കെടുക്കുകയും, കേന്ദ്ര ഫണ്ടുകൾ യഥാസമയം ലഭ്യമാക്കുന്നതിനും സമയബന്ധിതമായി ചെലവാക്കുന്നതിനും സ്വതന്ത്ര ചുമതലയുള്ള സെക്രട്ടറിയുടെ അഭാവം തടസ്സം സൃഷ്ടിക്കുന്നില്ല. |
| (സി) എങ്കിൽ ഇതു പരിഹരിക്കുന്നതിനും വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊള്ളും; | (സി) ന്യൂനപക്ഷ ക്ഷേമ വകുപ്പിനെ ശക്തിപ്പെടുത്തുവാനും കാര്യക്ഷമമാക്കുവാനും ന്യൂനപക്ഷ ജനവിഭാഗങ്ങളെ സംബന്ധിച്ച വിവിധ വിഷയങ്ങളുടെ ഭരണ നിർവ്വഹണ ചുമതല ന്യൂനപക്ഷ ക്ഷേമ വകുപ്പിലേയ്ക്ക് കൈമാറാനും പരിപാടിയുണ്ട്. |
| (ഡി) ജില്ലാതല ഓഫീസുകൾ സ്ഥാപിക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (ഡി) ന്യൂനപക്ഷ ക്ഷേമ വകുപ്പിന് ജില്ലാതല ഓഫീസുകൾ സ്ഥാപിച്ച് വകുപ്പിനെ കാര്യക്ഷമമാക്കുവാനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ.